## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **04-02-2026 - ൽ മറുപടിയ്ക്ക്**

## ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ കാർഷിക മേഖല കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലേക്കും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതി നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്തുടനീളം "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി 23,568 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിരുന്നു. ഏർപ്പെടുന്ന പ്രവർത്തനങ്ങൾക്ക് അനുസൃതമായി ഉൽപ്പാദന മേഖലയിൽ 19,509 കൃഷിക്കൂട്ടങ്ങളും, 2,633 കൃഷികൂട്ടങ്ങൾ മൂല്യവർദ്ധിത മേഖലയിലും, 1,426 കൃഷികൂട്ടങ്ങൾ സേവന മേഖലയിലുംരജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. മേഖല കൃഷിക്കൂട്ടങ്ങളുടെ കീഴിൽ 2,345 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുകയും, അവയിൽ 149 ഉൽപ്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെ അധിഷ്ഠിതമാക്കി എല്ലാ ബ്ലോക്കുകളിലും കർഷക ഉൽപ്പാദക ഗ്രൂപ്പുകൾ (FPO) രൂപീകരിച്ചിരുന്നു. ഇവയിൽ സജീവമായി പ്രവർത്തിക്കുന്ന 100 FPO-കളും, എസ്.എഫ്.എ.സി പിന്തുണയുള്ള 50 FPOകളും, സേവന മേഖലയിൽ പ്രവർത്തിക്കുന്ന കൃഷിക്കൂട്ടങ്ങളും ചേർന്ന് ആകെ 38,347.500 മെട്രിക് ടൺ ജൈവ ഉൽപ്പാദനോപാദികൾ നിർമ്മിച്ച് കൃഷിക്ക് ഉപയോഗയോഗ്യമാക്കി. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും ഏകീകൃത ബ്രാൻഡിംഗ് നൽകുന്നതിനായി "കേരളഗ്രോ" എന്ന ട്രേഡ് മാർക്ക് 2022–23ൽ ആരംഭിച്ചു. 2023–24 മുതൽ കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും കേരളഗ്രോ ബ്രാൻഡ് അനുവദിച്ചു. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുടനീളം 29 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ പ്രവർത്തിക്കുന്നു.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കിവരുന്ന കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 2023–24 സാമ്പത്തിക വർഷത്തിൽ ഫാം പ്ലാൻ വികസനത്തിനായി 636.00 ലക്ഷം രൂപ അനുവദിക്കുകയും, മാതൃക തോട്ടങ്ങൾ, IFS പ്ലോട്ടുകൾ, പരിശീലനങ്ങൾ എന്നിവയ്ക്കായി വിനിയോഗിക്കുകയും ചെയ്തു. 2024–25ൽ പദ്ധതിക്ക് 400 ലക്ഷം രൂപ അനുവദിച്ച് ഫീൽഡ് തലത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി. ഇതുവരെ 33,844 ഫാം പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. കർഷക ഉൽപ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുന്നതിനായി പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് ആൻഡ് വാല്യൂ അഡിഷൻ പദ്ധതിയിലൂടെ 2023–24, 2024–25 വർഷങ്ങളിലായി എസ്.എഫ്.എ.സി മുഖേന സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കും FPOകൾക്കും ധനസഹായം നൽകി. കൂടാതെ മൂല്യവർദ്ധിത മേഖലയും സേവന മേഖലയും ഉൾപ്പെടുന്ന കൃഷിക്കൂട്ടങ്ങൾക്കും FPOകൾക്കും വിവിധ പദ്ധതികളിലൂടെ സാമ്പത്തിക പിന്തുണ ലഭ്യമാക്കി. ഇതോടൊപ്പം നാളികേര വികസനം, നെൽകൃഷി വികസനം, പച്ചക്കറി വികസനം, സുഗന്ധവ്യഞ്ജന വികസനം തുടങ്ങിയ കൃഷിവകുപ്പിന്റെ മറ്റ് പദ്ധതികളുമായി ഏകോപിപ്പിച്ചുകൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി വഴി കർഷകർക്ക് സമഗ്രമായ പിന്തുണ ഉറപ്പാക്കി വരുന്നു. |
| (ബി) | ശാസ്ത്ര-സാങ്കേതിക മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങളും നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളും കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശാസ്ത്ര–സാങ്കേതിക മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങളും നിർമ്മിത ബുദ്ധി (AI) ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകളും കാർഷിക രംഗത്ത് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രധാന നേട്ടങ്ങളിലൊന്നായി, Artificial Intelligence, മെഷീൻ ലേണിംഗ്, ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ എന്നിവ സമന്വയിപ്പിച്ച 'കതിർ (KATHIR)' എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ "കതിർ" പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുള്ള AI അസിസ്റ്റന്റ്, കർഷകർക്കും ഫീൽഡ് തല ഉദ്യോഗസ്ഥർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു നൂതന സംവിധാനമാണ്. ഇതിലൂടെ കർഷകർക്ക് അവരുടെ കൃഷിയിടങ്ങളുമായി ബന്ധപ്പെട്ട |

സംശയങ്ങൾ ടെക്സ്റ്റ് രൂപത്തിലോ ശബ്ദ സന്ദേശങ്ങളായോ ഉന്നയിക്കാനുള്ള സൗകര്യം ലഭ്യമാണ്, കൂടാതെ AI വഴി മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുള്ള കൃഷിയിട വിവരങ്ങൾ അടിസ്ഥാനമാക്കി അതത് കൃഷിയിടത്തിന് ഏറ്റവും അനുയോജ്യമായ മറുപടികളാണ് നൽകുന്നത്.

കതിർ AI അസിസ്റ്റന്റിലൂടെ ജലസേചന നിർദ്ദേശങ്ങൾ, കീടബാധ മുന്നറിയിപ്പുകൾ, മണ്ണ് പരിശോധനാ ഫലത്തെ അടിസ്ഥാനമാക്കിയുള്ള വളപ്രയോഗ ശുപാർശകൾ, കാലാവസ്ഥാ വ്യതിയാനങ്ങളോ ജലക്കുറവോ മൂലം വിളകൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള സമ്മർദ്ദങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ തുടങ്ങിയ കൃത്യമായ കൃഷി ഉപദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.

കതിർ പ്ലാറ്റ്ഫോം വകുപ്പിന്റെ ഡാറ്റാബേസുകളുമായും ICAR, CPCRI തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ ശുപാർശകളുമായുംസംയോജിപ്പിച്ചിരിക്കുന്നതിനാൽ, ഏറ്റവും പുതിയതും വിശ്വാസ്യതയുള്ളതുമായ വിവരങ്ങൾ വിശകലനം ചെയ്ത് കർഷകർക്ക് കൈമാറാൻ സാധിക്കുന്നു. ഈ സേവനങ്ങൾ കതിർ മൊബൈൽ ആപ്പ് വഴിയും വാട്സാപ്പ് പോലുള്ള എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും ലഭ്യമാക്കിവരുന്നു.

അതോടൊപ്പം, കാർഷിക ശാസ്ത്ര–സാങ്കേതിക മേഖലയിലെ നൂതന പുരോഗതികളെ അടിസ്ഥാനമാക്കി പ്രിസിഷൻ ഫാർമിംഗ് പോലുള്ള കൃത്യതാധിഷ്ഠിത കൃഷിരീതികൾ പ്രോത്സാഹിപ്പിച്ച് മണ്ണ്, ജലം, വളം എന്നിവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുകയും, ഹൈഡ്രോപോണിക്സ്, ഏറോപോണിക്സ്, വെർട്ടിക്കൽ ഫാർമിംഗ് തുടങ്ങിയ ആധുനികവും നവീനവുമായ കൃഷിരീതികൾ വഴി പരിമിതമായ ഭൂവിഭവങ്ങളിൽ പോലും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളുടെ പശ്ചാത്തലത്തിൽ കാർഷിക ഉൽപ്പാദനത്തിന്റെ സ്ഥിരത ഉറപ്പാക്കുന്നതിനായി ക്ലൈമറ്റ് സ്മാർട്ട് അഗ്രികൾച്ചർ സാങ്കേതികവിദ്യകൾ നടപ്പിലാക്കുകയും ചെയ്യുന്നു.

ഇതോടൊപ്പം, ശേഷി വികസനവും മാനവ വിഭവ ശേഷി വർധനവും ലക്ഷ്യമാക്കി ഫീൽഡ് തല എക്സ്റ്റൻഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കായി നിർമ്മിത ബുദ്ധി (AI), ഭൂമിശാസ്ത്ര വിവര സംവിധാനങ്ങൾ (GIS), റിമോട്ട് സെൻസിംഗ്

| | | | |
|---|---|---|---|
| | | | തുടങ്ങിയ ആധുനിക ഡിജിറ്റൽ സാങ്കേതിക വിഷയങ്ങളിൽ ഘട്ടംഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (സി) | കാർഷിക മേഖലയിലെ ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക സാമ്പത്തിക മേഖലയുടെ വളർച്ചക്ക് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലേക്കും കാർഷിക സംസ്കാരം വ്യാപിപ്പിക്കുകയും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയും ചെയ്യുന്നതിനുള്ള ലക്ഷ്യത്തോടെ കൃഷി വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയും അതിന്റെ തുടർച്ചയായി കൃഷി സമൃദ്ധി പദ്ധതിയും നടപ്പിലാക്കിവരുന്നു. കർഷകരെ സ്വയം നിയന്ത്രിത കൂട്ടായ്മകളായ കൃഷിക്കൂട്ടങ്ങൾ (FIGs) ആയി സംഘടിപ്പിച്ച് കാർഷിക വികസനം സാധ്യമാക്കുന്ന കൂട്ടായ്മാധിഷ്ഠിത സമീപനമാണ് പദ്ധതിയുകളുടെ അടിസ്ഥാന ആശയം.<br><br>കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി, പ്രവർത്തിക്കുന്ന വ്യത്യസ്ത മേഖലകളെ അടിസ്ഥാനമാക്കി ഉത്പാദനം, മൂല്യവർദ്ധിതം, സേവനം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും, പ്രാദേശിക തലത്തിൽ കൃഷി ഉത്പാദനം വർധിപ്പിക്കുകയും, മൂല്യവർദ്ധനം വഴി കർഷക വരുമാനം ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ച "കൃഷി സമൃദ്ധി" പദ്ധതിയിലൂടെ കൃഷിക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. ഫാം പ്ലാൻ വികസന സമീപന പദ്ധതി (FPDP) പ്രകാരം സംയോജിത–ബഹുവിള കൃഷി സമ്പ്രദായം, ഉൽപ്പാദനോപാദികളുടെ വിതരണം, കാർഷിക സേവനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധനം, വിപണന സംവിധാനം തുടങ്ങിയവ ശാസ്ത്രീയമായി നടപ്പിലാക്കി വരുന്നു.<br><br>ഇതിന്റെ ഫലമായി സംസ്ഥാനത്ത് കൃഷിയിടങ്ങളുടെ ഫലപ്രദമായ വിനിയോഗം, പച്ചക്കറി, നെല്ല്, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ വിളകളുടെ പ്രാദേശിക ഉത്പാദന വർധന എന്നിവ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളും FPO-കളും വഴി ജൈവ ഉൽപ്പാദനോപാദികൾ വർദ്ധിച്ചതോടെ കൃഷി ചെലവ് ഗണ്യമായി കുറയുകയും, സമൂഹത്തിൽ മാതൃകയാവേണ്ട പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു.<br><br>കൂടാതെ, "കേരളഗ്രോ" എന്ന ഏകീകൃത ബ്രാൻഡിംഗ് സംവിധാനത്തിലൂടെ മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് പിന്തുണ നൽകി വരുന്നു. ഇതുവഴി കർഷക ഉൽപ്പന്നങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഗുണനിലവാര ഉറപ്പും മെച്ചപ്പെട്ട വിലയും ലഭ്യമാകുകയും കർഷക വരുമാനം വർധിക്കുകയും ചെയ്തു.<br><br>കേരള കാർഷിക വകുപ്പിന്റെ കതിർ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയ AI അസിസ്റ്റന്റ് കർഷകർക്കും ഫീൽഡ് തല ഉദ്യോഗസ്ഥർക്കും കാര്യക്ഷമമായ സേവനം ഉറപ്പാക്കുന്ന ഒരു നവീന സംവിധാനമാണ്. കർഷകർക്ക് അവരുടെ കൃഷിയിടവുമായി ബന്ധപ്പെട്ട സംശയങ്ങൾ സമയബന്ധിതമായി അറിയിക്കാനാകും എന്നത് ഏറെ ഗുണകരമാണ്. മുൻകൂട്ടി രേഖപ്പെടുത്തിയ കൃഷിയിട വിവരങ്ങളെ അടിസ്ഥാനമാക്കി കൃത്യവും അനുയോജ്യവുമായ മറുപടികൾ ലഭിക്കുന്നതിനാൽ കൃത്യമായ തീരുമാനം എടുക്കാനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സംവിധാനം സഹായകമാകുന്നു.<br><br>മണ്ണിലെ ഈർപ്പം, കാലാവസ്ഥ, ജലസേചന ആവശ്യകത എന്നിവ നിരീക്ഷിക്കുന്ന സംവിധാനങ്ങൾ, AI അധിഷ്ഠിത വിള–രോഗ നിർണ്ണയവും കാർഷിക ഉപദേശ സംവിധാനങ്ങളും വഴി ഉത്പാദനക്ഷമതയും കാലാവസ്ഥാ പ്രതിരോധ ശേഷിയും വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>കൃഷി സമൃദ്ധി പദ്ധതിയിലൂടെ കൃഷി വകുപ്പിന്റെ മറ്റ് വികസന പദ്ധതികളുമായി ഏകോപനം ഉറപ്പാക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും വിഭവങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പ്രാദേശിക കാർഷിക വികസനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ഗ്രാമീണ സമ്പദ്‌വ്യവസ്ഥക്ക് ഊർജം ലഭിക്കുകയും കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം വർദ്ധിച്ചതോടെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് ഏറെ മുന്നേറാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ